(19) സി. ജെ. ജോസഫിനെ തിരിച്ചെടുക്കാൻ നടപടി

ശ്രീ. ഇ. പത്മനാഭൻ: സർ, 1975-ൽ അടിയന്തിരാവസ്ഥാ കാലത്ത് കാര്യക്ഷമതയില്ലാത്ത ഉദ്യോഗസ്ഥൻമാരെ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പ് കെ. എസ്. ആർ. 60 (എ) എന്ന് പറഞ്ഞ് എഴുതിച്ചേർത്തു. സാധാരണ ശിക്ഷണ നടപടികളും ഒഴിവാക്കിക്കൊണ്ട് പെട്ടെന്ന് നടപടി എടുക്കലായിരുന്നില്ലേ അന്നത്തെ രീതി. അതെല്ലാം കഴിഞ്ഞ് പത്തു പതിനൊന്ന് വർഷത്തിനുശേഷം അത്തരം നിയമ നടപടികളും ഉപയോഗപ്പെടുത്തുന്നത് കേവലം പ്രതികാരം എന്നുള്ള നിലയ്ക്കാണ്. 1985-ലെ പണിമുടക്കിനെ തുടർന്ന് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി സി. ജെ. ജോസഫിനെ ഈ വകുപ്പ് ഉപയോഗിച്ച് പിരിച്ചുവിട്ടിരിക്കുകയാണ്. അദ്ദേഹത്തിന് കമ്പൽസറി റിട്ടയർമെന്റു കൊടുത്ത് പിരിച്ചുവിട്ടു. കോടതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്തു. കോടതി പുനപ്പരിശോധിക്കാനുള്ള ഹർജി കൊടുക്കാൻ പറഞ്ഞു. അദ്ദേഹം ഗവൺമെന്റിൽ ഹർജി കൊടുത്തു. അത് മറിച്ചുവായിച്ച് നോക്കാനുള്ള സമയം പോലും എടുക്കുന്നതിനുമുമ്പ് ഗവൺമെന്റ് അത് നിരാകരിച്ചു. ജഡ്ജ്മെന്റു പോലും കോടതിയിൽനിന്ന് കിട്ടുന്നതിനുമുമ്പാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. പ്രതികാര നടപടിയാണെന്നുള്ളതിന് ഇതിൽ കൂടുതൽ വേറെ തെളിവ് ആവശ്യമില്ല. കേരള സംസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ ഒരു സർവ്വീസ് സംഘടനയ്ക്ക് പിൻതുണ പ്രഖ്യാപിച്ചയാളാണ്. നിരവധി സർവ്വീസ് സംഘടനകളും ഈ രാജ്യത്തുണ്ട്. എല്ലാ പാർട്ടിക്കും താൽപര്യമുള്ള സംഘടനകളുണ്ട്. ഇനിയും ഇവിടെ സമരം നടക്കണം. ലാൽഡംഗ പോലും മുഖ്യമന്ത്രിയാകാൻ പോകുന്ന ഇൻഡ്യയാണ്. ഇത്തരത്തിൽ അപകടകരമായിട്ടുള്ള പ്രതികാരനടപടികളും—സമ്മറി ഡിസ്മിസലും റിട്ടയർമെന്റും—നടക്കുകയാണ്. ഇതുപോലുള്ള കീഴ്വഴക്കങ്ങളും ഈ രാജ്യത്തിന് ആപത്താണ്. നമ്മുടെ രാജ്യത്തിലെ ട്രേഡ് യൂണിയനുകൾക്ക് ആപത്താണ്. അതുകൊണ്ട് ഉദാരമായ സമീപനം ഇക്കാര്യത്തിൽ എടുക്കുകയും അത്തരം അപകടകരമായ കീഴ്വഴക്കം ഒഴിവാക്കുന്നതിനും വേണ്ടി കമ്പൽസറി റിട്ടയർമെന്റ് പുനഃപരിശോധിക്കുകയും അദ്ദേഹത്തെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ കെ. കരുണാകരൻ): സർ, ശ്രീ. ജോസഫ് ഇലക്ഷൻ ഡിപ്പാർട്ടുമെന്റിലെ അഡീഷണൽ സെക്രട്ടറിയായിരുന്നു. ഓഗസ്റ്റ് മാസത്തിൽ പണിമുടക്കുണ്ടായ അവസരത്തിൽ അദ്ദേഹം ജോലിക്ക് അനധികൃതമായി ഹാജരാകാതിരുന്നു. ഒരു ഡിപ്പാർട്ടുമെന്റിന്റെ തലവൻ വിശ്വസിച്ച് ഇലക്ഷൻ ഡിപ്പാർട്ടുമെന്റിലെ ആരും ജോലിക്ക് ഹാജരാകാതിരിക്കുകയില്ല. അങ്ങനെ ജോലിക്ക് ഹാജരാകാതിരുന്ന അദ്ദേഹത്തോട് ജോലിക്ക് ഹാജരാകാൻ ആവശ്യപ്പെട്ടു. അദ്ദേഹം ജോലിക്ക് ഹാജരാകാൻ കൂട്ടാക്കാതെ അത് നിരസിക്കുകയാണ് ഉണ്ടായത്. നമ്മുടെ സർവ്വീസ് ചട്ടങ്ങളിലെ റൂൾ 60 എ (1)-ൽ 48- വയസ്സ് കഴിഞ്ഞ ആളുകളെ ഒഴിവാക്കാനുള്ള വ്യവസ്ഥയുണ്ട്. ഇലക്ഷൻ ഡിപ്പാർട്ടുമെന്റിലെ സീനിയറായ ഉദ്യോഗസ്ഥനോട് ജോലിക്ക് ഹാജരാകണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ട് അദ്ദേഹം ജോലിക്ക് ഹാജരാകാൻ തയ്യാറില്ലെന്ന് മറുപടി പറഞ്ഞു. ജോലി മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ സഹകരിക്കുന്നില്ല എന്ന് കണ്ടപ്പോൾ തീർച്ചയായും നടപടി സ്വീകരിക്കാൻ നിർബന്ധിതരായി. അതുകൊണ്ടാണ് നിയമം അനുസരിച്ച് അദ്ദേഹത്തെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അത് പരിശോധിച്ചിട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു. 1-7-1986-ൽ ആണ് അദ്ദേഹത്തിന്റെ അപേക്ഷ കിട്ടുന്നത്. അത് വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് 23-7-1986-ൽ ഇത് സംബന്ധിച്ച തീരുമാനമെടുത്തു. കാരണം, ഹൈക്കോടതി - രണ്ടാഴ്ചയ്ക്കുള്ളിൽ കൊടുക്കണമെന്ന് പറഞ്ഞ് ഡയറക്ഷൻ തന്നു. അദ്ദേഹത്തെ തിരിച്ചെടുക്കാൻ സഹായകമായ ഒന്നും പരിശോധനയിൽ കാണാതിരുന്നതുകൊണ്ട് മുൻതീരുമാനം ഭേദഗതി ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിരിക്കുകയാണ്.

(20) മാക്ഡവൽ കമ്പനിയിലെ കാൻറീൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ. വി. താമരാക്ഷൻ: സർ, 8 മണിക്കൂർ ജോലിക്കുവേണ്ടി തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന 1980-ൽ കോടിക്കണക്കിന് രൂപ ഉണ്ടാക്കുന്ന ചേർത്തലയിലെ ഒരു സഹകാരി കമ്പനിയായ 'മാക്ഡവൽ' കമ്പനിയിലെ കാൻറീനിൽ പണിയെടുക്കുന്ന തൊഴിലാളികൾ 18 മണിക്കൂർ പണിയെടുത്താൽപോലും മിനിമംകൂലി ലഭിക്കുന്നില്ല. അവർ കമ്പനി നിയമിച്ച തൊഴിലാളികളാണ്. ആ തൊഴിലാളികൾ 18 മണിക്കൂർ ജോലിയെടുത്താൽപോലും ഇന്ന് ലഭിക്കുന്നത് 200 രൂപയിൽ താഴെയാണ്. ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റ് പ്രകാരമുള്ള മിനിമം കൂലി ഉറപ്പുവരുത്താനും 8 മണിക്കൂറായി ജോലി നിജപ്പെടുത്താനും ഗവൺമെൻറ് അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മാക്ഡവൽ കമ്പനിയിലെ നിലവിലുള്ള അഞ്ച് യൂണിയനുകൾ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു കമ്മറ്റി ഓരോ മൂന്നുമാസം കൂടുംതോറും കൺവീനർമാരെ റൊട്ടേഷൻ ക്രമത്തിൽ തിരഞ്ഞെടുത്ത് കാൻറീൻ പ്രവർത്തനം നടത്തിവരുകയാണ്. ഒരു തൊഴിലാളിക്ക് രണ്ടുരൂപ അൻപതു പൈസവച്ച് സബ്സിഡി കൊടുക്കുകയാണ് കമ്പനി ചെയ്യുന്നത്. അവർക്ക്, ഒരു ശമ്പളസ്കെയിൽ കൊടുക്കുന്നതായാണ് ഗവൺമെൻറിൽ കാണിച്ചിരിക്കുന്നത്. ഏതായാലും മിനിമം വേജസ് നടപ്പിലാക്കുന്നില്ല എന്ന് മുൻപ് പരാതി വന്നിട്ടില്ല. മെമ്പർ ഉന്നയിച്ച നിലയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(21) ഗുരുവായൂരിലെ വൈദ്യുതിക്ഷാമം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിസിറ്റി പ്രശ്നം സങ്കീർണ്ണമായിരിക്കുകയാണ്. വോൾട്ടേജ് കമ്മി ജനങ്ങൾക്ക് ദുസ്സഹമായിരിക്കുകയാണ്. അത് പരിഹരിക്കാൻ അവിടെ അനുവദിച്ച സബ്സ്റ്റേഷൻ ഉടനെ പ്രവർത്തിപ്പിക്കണം. മുനിയൂർക്കുളത്ത് ഉള്ള സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഉയർത്തണം. അവിടെ ഉണ്ടായിരുന്ന ബില്ലിംഗ് യൂണിറ്റ് ഇപ്പോൾ മലപ്പുറം ജില്ലയിലെ എടപ്പാളിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റ് മുനിയൂർക്കുളത്തുതന്നെ പുനഃസ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly